ഭരണഭാഷ മാതൃഭാഷ

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി

വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം :- ഡി.ഇ.എസ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകി കൊണ്ടും ടൈപ്പിസ്റ്റ് തസ്തികകൾ ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ശ്രീ.ഹാരിസ്.എം.കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 15/11/2018 ലെ സമർപ്പണം.
2) സർക്കാരിന്റെ 16/03/1989 ലെ ജി.ഒ(പി)നം.5/89/പി&എ.ആർ.ഡി നമ്പർ ഉത്തരവ്.

## ഉത്തരവ് നം. ഇബി (3) 70/2018/ഡിഇഎസ്, തീയതി. 01-12-2018

ഈ ആഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ.ഹാരിസ്.എം.കെ യുടെ മാതാപിതാക്കൾ അസുഖബാധിതരാണെന്നും അതിനാൽ അവരുടെ പരിചരണാർത്ഥം ആലപ്പുഴ ജില്ല ആഫീസിലേയ്ക്ക് സ്ഥലംമാറ്റം അനുവദിയ്ക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ.ഹാരിസ്.എം.കെ യുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ടിയാന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആലപ്പുഴ ജില്ല ആഫീസിലേയ്ക്ക് (ശ്രീമതി.മണി.സി.ആർ നെ സ്ഥലംമാറ്റുന്ന ഒഴിവിൽ) സ്ഥലം മാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

കൂടാതെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കൊല്ലം ജില്ല ആഫീസിൽ നിലവിലുള്ള യു.ഡി.ടൈപ്പിസ്റ്റ് തസ്തിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയായി അപ്ഗ്രേഡ് ചെയ്തും, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മലപ്പുറം ജില്ല ആഫീസിൽ നിലവിലുള്ള സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തിക യു.ഡി.ടൈപ്പിസ്റ്റ് തസ്തികയായി ഡൗൺഗ്രേഡ് ചെയ്തും ഉത്തരവാകുന്നു. ഇപ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കൊല്ലം ജില്ല ആഫീസിൽ നിലവിൽ വരുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് ആലപ്പുഴ ജില്ല ആഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.മണി.സി.ആർ നെ ഭരണസൗകര്യാർത്ഥം ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**വി.രാമചന്ദ്രൻ**
**ഡയറക്ടർ ജനറൽ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ല ആഫീസ്, കൊല്ലം, മലപ്പുറം, ആലപ്പുഴ
2) ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ - സി.എ
3) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) ബഡ്ജറ്റ് /ഫയൽ /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

എസ്.എം. 01/12